**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക ഈടാക്കി ജീവാനന്ദം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലായ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും നിശ്ചിത തുക പിടിച്ചെടുക്കുന്ന സംവിധാനമാണ് ജീവാനന്ദം പദ്ധതി എന്ന ആക്ഷേപം ശരിയാണോ; ജീവാനന്ദം പദ്ധതി നടപ്പിലായാൽ എല്ലാ മാസവും എത്ര തുക ഖജനാവിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ തിരിച്ചടവ് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശരിയല്ല.<br><br>ജീവാനന്ദം പദ്ധതി ജീവനക്കാർക്ക് നിർബന്ധിതമല്ല. താത്പര്യമുള്ള ജീവനക്കാർ മാത്രം പദ്ധതിയിൽ അംഗത്വം എടുത്താൽ മതിയാകും. ഈ പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആക്ച്വറിയെ ചുമതലപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് ഡയറക്ടർക്കുള്ള അനുമതി ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഇൻഷ്വറൻസ് ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച ശേഷം മാത്രമേ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുകയുള്ളു. |
| (ബി) | എട്ടു വർഷത്തെ ഡി.എ. കുടിശ്ശിക ഉൾപ്പെടെ നൽകാതെ പതിനഞ്ച് മാസത്തെ ശമ്പളത്തിനു തുല്യമായ തുക നിലവിൽ പിടിച്ചെടുത്തു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എട്ടു വർഷത്തെ ഡി.എ. കുടിശ്ശിക ഉൾപ്പെടെ നൽകാതെ പതിനഞ്ച് മാസത്തെ ശമ്പളത്തിനു തുല്യമായ തുക നിലവിൽ പിടിച്ചെടുത്തു എന്ന ആക്ഷേപം വസ്തുതാ വിരുദ്ധമാണ്. 08.02.2021-ലെ സ.ഉ.(പി) നം.25/2021/ധന നമ്പർ ഉത്തരവ് പ്രകാരം 31.12.2020 വരെയുള്ള ക്ഷാമബത്ത കുടിശികയില്ലാതെ അനുവദിച്ചിട്ടുണ്ട്. കൂടാതെ 11.03.2024-ലെ സ.ഉ.(പി) നം.16/2024/ധന, 12.03.2024-ലെ സ.ഉ.(പി) നം.17/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഒരു ഗഡു ക്ഷാമബത്ത ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കൂടി പരിഗണിച്ച് ജീവനക്കാർക്ക് അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുക എന്നതാണ് സർക്കാർ നയം . |
| (സി) | പങ്കാളിത്ത പെൻഷൻ വിഹിതമായും മെഡിസെപ് ഇനത്തിലും നിലവിൽ മാസശമ്പളത്തിൽ നിന്ന് എത്ര | (സി) | പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റേയും ക്ഷാമ |

| | | | |
|---|---|---|---|
| | തുക ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | | ബത്തയുടേയും ആകെ തുകയുടെ 10% ജീവനക്കാരന്റെ വിഹിതമായി പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കി വരുന്നു. മെഡിസെപ് ഇനത്തിൽ നിലവിൽ മാസ ശമ്പളത്തിൽ നിന്നും 500/- രൂപയാണ് ഈടാക്കുന്നത്. |
| (ഡി) | ജീവനക്കാരിൽ നല്ല പങ്കും പലവിധ സാമ്പത്തിക ബാധ്യതകളാൽ മാസാവസാനം മിച്ചമൊന്നുമില്ലാത്തവരാണെന്നിരിക്കെ നിശ്ചിത തുക നിർബന്ധമായും ഈടാക്കാൻ തീരുമാനിച്ചാൽ കൂടുതൽ ജീവനക്കാരും പ്രതിസന്ധിയിലാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | **ഇപ്രകാരം നിശ്ചിത തുക നിർബന്ധമായും ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. ആയതിനാൽ ഇത്തരമൊരു ആശങ്കയ്ക്ക് അടിസ്ഥാനമില്ല.** |
| (ഇ) | പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള തുക സർക്കാർ നിശ്ചയിക്കുമോയെന്നും ജീവനക്കാരുടെ താൽപ്പര്യത്തിനും സാമ്പത്തികാവസ്ഥയ്ക്കും അനുസരിച്ച് നൽകിയാൽ മതിയോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള ഉത്തരവിനു മുൻപായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുന്നതിനു തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പദ്ധതിയിൽ ചേരുന്നതിനുള്ള തുക ജീവനക്കാരുടെ സാമ്പത്തികാവസ്ഥയ്ക്കും താൽപ്പര്യത്തിനും അനുസരിച്ച് തീരുമാനിക്കാവുന്നതാണ്. ജീവാനന്ദം പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആക്ച്വറിയെ ചുമതലപ്പെടുത്തുന്നതിന് ഇൻഷ്വറൻസ് ഡയറക്ടർക്കുള്ള അനുമതി ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഇൻഷ്വറൻസ് ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് മുമ്പായി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ